CEIA/2006/2025-IC2

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി : 06-05-2026

**<u>നോട്ടീസ്</u>**

വിഷയം : ജലസേചനം -ജീവനക്കാര്യം - ശ്രീ. ഷിബു.കെ.എൻ, ഓവർസിയർ ഗ്രേഡ് III യെ അന്തിമ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന : 1) 26.07.2012 ലെ ഈ കാര്യാലയത്തിലെ IC2/20201/2010 നമ്പർഉത്തരവ്

2) 20.02.2025 ലെ എറണാകുളം ഇറിഗേഷൻ സെൻട്രൽ സർക്കിൾ,സൂപ്രണ്ടിംഗ് എൻജിനീറിയറുടെ കാര്യാലയത്തിലെ E4(E2)2736/2020 vol II നമ്പർ കത്ത്.

3) 25.04.2026 ലെ ജലവിഭവ (എ) വകുപ്പ് തിരുവനന്തപുരത്തിന്റെA3/71/2025 ജ.വി.വ നമ്പർ കത്ത്.

സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച 01.01.1994 മുതൽ 31.08.2009 വരെയുള്ള കാലയളവിലെ III ഗ്രേഡ് ഓവർസിയർമാരുടെ അന്തിമ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി സൂചന (2) പ്രകാരം ശ്രീ.ഷിബു.കെ.എൻ (പെൻ. നം. 706049) അപേക്ഷ സമർപ്പിച്ചിട്ടുണ്ട് . ആയതു പരിശോധിച്ചതിൽ ടിയാളുടെ അപേക്ഷ പരിഗണിക്കാവുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

02.04.2001 തീയതിയിലെ SR.II(1)66/99 SW നമ്പർ കേരള പി.എസ്.സി. ശുപാർശ പ്രകാരവും ഈ കാര്യാലയത്തിലെ 08.05.2001 ലെ A6-25917/94 നമ്പർ നിയമന ഉത്തരവ് പ്രകാരവും ആണ് ശ്രീ.ഷിബു കെ .എൻ ഗ്രേഡ് III ഓവർസിയറായി 13.06.2001 ൽ ജോലിയിൽ പ്രവേശിച്ചത്. തുടർച്ചയായ രണ്ട് വർഷത്തെ സേവനത്തിന് ശേഷം ടിയാളുടെ ടി തസ്തികയിലെ പരിവീക്ഷാ കാലാവധി 19.06.2003 പൂർവ്വാഹ്നം പ്രാബല്യത്തോടെ വിജയകരമായി പൂർത്തീകരിച്ച് ഉത്തരവായിട്ടുണ്ട്. ശ്രീ. ഷിബു.കെ.എൻ. ഓവർസിയർ III ഗ്രേഡ് നെ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശത്തിനായി സർക്കാരിലേയ്ക്ക് കത്ത്

സമർപ്പിച്ചിരുന്നു. സൂചന (3) കത്ത് പ്രകാരം ശ്രീ.ഷിബു കെ .എൻ, ഗ്രേഡ് III ഓവർസിയർ നെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.ആയതിനാൽ ടിയാളെ അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിൽ സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച 01.01.1994 മുതൽ 31.01.2001 വരെയുള്ള കാലയളവിലെ III ഗ്രേഡ് ഓവർസിയർമാരുടെ അന്തിമ മുൻഗണന പട്ടികയിൽ ക്രമനമ്പർ 39 ആയ ശ്രീമതി ശ്രീജ.എൽ -ന്റെയും ക്രമനമ്പർ 40 ആയ ശ്രീമതി.സബീന ദേവി.എസ് ന്റെയും മദ്ധ്യേ 39 (A) ആയി ശ്രീ.ഷിബു.കെ.എൻ നെ ഉൾപ്പെടുത്താവുന്നതാണെന്ന് കാണുന്നു.

ഇതിന്മേൽ പരാതിയോ ആക്ഷേപമോ ഉള്ളവർ മേലധികാരി സാക്ഷ്യപ്പെടുത്തിയ വസ്തുത തെളിയിക്കുന്ന രേഖകൾ സഹിതം ഈ നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിലെ irrgnsenioritycell@gmail.com എന്ന ഇമെയിൽ ഐ.ഡി മുഖേന അറിയിക്കേണ്ടതാണ്.ഈ കാലാവധിക്കുള്ളിൽ പരാതികൾ ഒന്നും തന്നെ ലഭിച്ചില്ലെങ്കിൽ ശ്രീ.ഷിബു.കെ.എൻ നെ പ്രസ്തുത മുൻഗണന പട്ടികയിൽ 39 (A) ആയി ഉൾപ്പെടുത്തി ഉത്തരവാകുന്നതാണ്.

Digitally signed by
BINOY TOMY GEORGE
Date: 06-05-2026
17:36:20

**BINOY TOMY GEORGE**

**CHIEF ENGINEER**

ചീഫ് എഞ്ചിനീയർ